**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി നഗരസഭ - 2018 സന്തോഷ് ട്രോഫി ജേതാവ് ശ്രീ. വിപിൻ തോമസിന് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം)വകുപ്പ്**

**സ.ഉ.(സാധാ) നം.1669/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/06/2018

---

പരാമർശം:- ചാലക്കുടി നഗരസഭാ ചെയർപേഴ്സന്റെ 05/04/2018 ലെ കത്ത്.

**ഉത്തരവ്**

2018 ലെ സന്തോഷ് ട്രോഫി ഫുട് ബോൾ മത്സരത്തിൽ വിജയികളായ കേരളാ ടീമിൽ അംഗമായ ചാലക്കുടിക്കാരനായ ശ്രീ.വിപിൻ തോമസ് ഒരു നിർദ്ധന കുടുബത്തിലെ അംഗമാണെന്നും, വാടക വീട്ടിലാണ് ഇപ്പോൾ താമസിച്ച് വരുന്നതെന്നും, ഫുട് ബോൾ മത്സരത്തിൽ സംസ്ഥാനത്തിന്റെയും വിശിഷ്യ ചാലക്കുടിയുടെയും അഭിമാന പാത്രമായി മാറിയ ശ്രീ.വിപിൻ തോമസിന് നഗരസഭ തനതു ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നതിന് അനുമതി ലഭ്യമാക്കണമെന്നും പരാമർശ കത്ത് പ്രകാരം ചാലക്കുടി നഗരസഭാ ചെയർപേഴ്സൺ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലെ സന്തോഷ് ട്രോഫി ഫുട് ബോൾ മത്സരത്തിൽ വിജയികളായ കേരളാ ടീമിൽ അംഗമായ ചാലക്കുടിക്കാരനായ ശ്രീ.വിപിൻ തോമസിന് ചാലക്കുടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം) രൂപ ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സിനി .ജെ .ഷുക്കൂർ**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർപേഴ്സൺ / സെക്രട്ടറി, ചാലക്കുടി നഗരസഭ , തൃശ്ശൂർ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ